**റേഷൻ കാർഡ് വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ നടപടി**

**101 (167)** ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡ് പുതുക്കുന്നതിന്റെ ഭാഗമായി റേഷൻ കാർഡ് വിഭജനത്തിനും, തിരുത്തുന്നതിനുംവേണ്ടി കാസർഗോഡ് താലൂക്ക് സപ്ലൈ ഓഫീസിൽ 2010 ഡിസംബർ 1 വരെ എത്ര അപേക്ഷകൾ ലഭിച്ചു എന്നും ഇതിൽ എത്ര എണ്ണത്തിൽ തീരുമാനമെടുത്തുവെന്നും വ്യക്തമാക്കുമോ ;

(ബി) ഒരു ദിവസം ശരാശരി എത്ര റേഷൻ കാർഡുകൾ പുതുക്കിയും, തിരുത്തിയും നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) റേഷൻ കാർഡ് വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ച അപേക്ഷകളുടെ എണ്ണം - 20299

തീരുമാനമെടുത്തത് - 16129

(ബി) 120 മുതൽ 150 എണ്ണം വരെ

(സി) രണ്ടു ഭാഷകളിലായിട്ടാണ് കാസർഗോഡ് താലൂക്കിൽ റേഷൻ കാർഡ് തയ്യാറാക്കേണ്ടത് (കന്നഡയും മലയാളവും). റേഷൻ കാർഡുകളിൽ പ്രത്യേകിച്ചും ചില പഞ്ചായത്തുകളിൽ, അംഗങ്ങളുടെ എണ്ണം താരതമ്യേന കൂടുതലാകയാൽ പേരുകളുടെ ഡാറ്റാ എൻട്രി രണ്ടുഭാഷകളിലായി ചെയ്യുവാൻ അധികസമയം വേണ്ടിവരുന്നു. സാധാരണ പ്രവൃത്തി ദിവസങ്ങൾ കൂടാതെ അവധി ദിവസങ്ങളിലും എല്ലാ ജീവനക്കാരുടേയും സേവനം പരമാവധി പ്രയോജനപ്പെടുത്തിവരുന്നു. ഡാറ്റാ എൻട്രി ത്വരിതപ്പെടുത്തുന്നതിനായി രണ്ടു താല്കാലിക ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരേക്കൂടി നിയമിക്കുകയും കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

**ലാഭം മാർക്കറ്റിലെ പായ്ക്കിംഗ് തൊഴിലാളികളുടെ വേതനം കൂട്ടി നൽകാൻ നടപടി**

**102 (168)** ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലാഭം മാർക്കറ്റിൽ ജോലി ചെയ്യുന്ന പായ്ക്കിംഗ് തൊഴിലാളികൾക്ക് പായ്ക്കറ്റ് ഒന്നിന് നിലവിൽ കൊടുക്കുന്ന വേതനം 25 പൈസ എന്നത് കൂട്ടി നൽകാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 1-1-2009 മുതൽ പായ്ക്കിംഗ് ചാർജ്ജ് 20 പൈസയിൽ നിന്നും 25 പൈസയായി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

**പുതുതായി അനുവദിക്കുന്ന മാവേലി സ്റ്റോറുകൾ**

**103 (169)** ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി 50 മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത് എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) കൊടിയത്തൂർ പഞ്ചായത്തിലെ തോട്ടുമുക്കത്ത് മാവേലി സ്റ്റോർ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകളിൽ തോട്ടുമുക്കം ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ സപ്ലൈകോ സ്റ്റോറുകളോ സപ്ലൈകോയുടെ മറ്റ് റിൽപ്പനശാലകളോ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനാണ് ഇപ്പോൾ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

**പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്ന ഹോട്ടലുകളിലെ ഭക്ഷ്യപദാർത്ഥങ്ങളുടെ ഗുണമേന്മ**

**104 (170)** ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല ദർശനത്തിന് എത്തുന്ന ഭക്തന്മാർക്ക് പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്ന ഹോട്ടലുകളിൽ നിന്ന് വിതരണം ചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങൾ ഗുണമേന്മയുള്ളതാണെന്ന് പരിശോധിക്കാറുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്ന ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾക്ക് ഭാരിച്ച തുക ഈടാക്കുന്നത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്ന ഹോട്ടലുകളിൽ വിലവിവര പട്ടിക വിവിധ ഭാഷകളിൽ പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?